ALL INDIA RADIO THIRUVANANTHAPURAM

# ആകാശവാണി, തിരുവനന്തപുരം

## പ്രാദേശിക വാർത്തകൾ

**DATE: 25.04.2026**

### പ്രധാന വാർത്തകൾ

**TIME : 06.30 PM**

1. *വിമർശനാത്മകമായി ചിന്തിക്കാനും, ധാർമ്മികമായി പ്രവർത്തിക്കാനും വിദ്യാർത്ഥികളോട് ആഹ്വാനം ചെയ്ത് ഉപരാഷ്ട്രപതി സി.പി. രാധാകൃഷ്ണൻ*

2. *2027ലെ സെൻസസ് കേരളത്തിൽ രണ്ടു ഘട്ടങ്ങളിലായി സമ്പൂർണ ഡിജിറ്റൽ രീതിയിൽ നടത്താൻ തീരുമാനം, ആദ്യഘട്ടമായ ഹൗസ് ലിസ്റ്റിംഗും ഹൗസിംഗ് സെൻസസും ജൂലൈ 1 മുതൽ*

3. *കൊടും ചൂടിൽ അമർന്ന് കേരളം, മുഖ്യമന്ത്രി പിണറായി വിജയൻറെ നേതൃത്വത്തിൽ ഉന്നതതല യോഗം ചേർന്നു, ചൂട് മുന്നിൽ കണ്ട് തദ്ദേശ സ്ഥാപനങ്ങൾ പ്രാദേശിക കർമ്മ പദ്ധതി തയ്യാറാക്കാൻ നിർദ്ദേശം*

4. *പ്രധാനമന്ത്രി നരേന്ദ്രമോദിയുടെ പ്രതിമാസ റേഡിയോ പ്രഭാഷണ പരിപാടി മൻ കീ ബാത്ത് നാളെ രാവിലെ 11- മണിക്ക്*

5. *തൃശ്ശൂരിൽ പൂര വിളംബരമായി, ചരിത്ര പ്രസിദ്ധ തശൂർ പൂരം നാളെ, മുണ്ടത്തിക്കോട് അപകടത്തിന്റെ പശ്ചാത്തലത്തിൽ വെടിക്കെട്ട് പൂർണമായും ഒഴിവാക്കി*

6. *ഇന്ത്യ- ദക്ഷിണാഫ്രിക്ക വനിതാ ടി 20 ക്രിക്കറ്റ് പരമ്പരയിലെ നാലാം മത്സരം ഇന്ന് ജോഹനാസ്ബർഗിൽ.*

വാർത്തകൾ വിശദമായി......

❖❖❖❖❖❖❖❖❖❖❖❖❖❖❖❖❖❖❖❖

## ഉപരാഷ്ട്രപതി- രാജസ്ഥാൻ സന്ദർശനം

വിമർശനാത്മകമായി ചിന്തിക്കാനും, ധാർമ്മികമായി പ്രവർത്തിക്കാനും, ആജീവനാന്തം പഠനം മുന്നോട്ട് കൊണ്ടു പോകാനും വിദ്യാർത്ഥികളോട് ആഹ്വാനം ചെയ്ത് ഉപരാഷ്ട്രപതി സി.പി. രാധാകൃഷ്ണൻ. ജയ്പൂരിലെ രാജസ്ഥാൻ സർവകലാശാലയുടെ 35-ാമത് ബിരുദദാന ചടങ്ങിൽ സംസാരിക്കുകയായിരുന്നു അദ്ദേഹം. സഹാനുഭൂതിയില്ലാത്ത മികവും വിനയമില്ലാതെ നേട്ടവും അപൂർണ്ണമായി തുടരുമെന്ന് ഉപരാഷ്ട്രപതി പറഞ്ഞു. മയക്കുമരുന്നുകളിൽ നിന്ന് വിട്ടുനിൽക്കാനും സമൂഹ മാധ്യമങ്ങൾ ഉത്തരവാദിത്തത്തോടെയും സൃഷ്ടിപരമായും ഉപയോഗിക്കാനും അദ്ദേഹം വിദ്യാർത്ഥികളെ ഉപദേശിച്ചു. സ്ത്രീ ശാക്തീകരണത്തിന് ഊന്നൽ നൽകിക്കൊണ്ട്, വനിതാ ബിരുദധാരികളുടെ നേട്ടങ്ങളിൽ ഉപരാഷ്ട്രപതി അഭിമാനം പ്രകടിപ്പിച്ചു. രാജസ്ഥാൻ സന്ദർശനത്തിന്റെ ഭാഗമായി ഭഗവാൻ മഹാവീർ കാൻസർ സെന്റർ സംഘടിപ്പിച്ച കാൻസർ അതിജീവിതരുടെ കൂട്ടായ്മയിലും ഉപരാഷ്ട്പതി പങ്കെടുത്തു.

❁❁❁❁❁❁❁❁❁❁❁

## 2027 സെൻസസ്

2027ലെ സെൻസസ് കേരളത്തിൽ രണ്ടു ഘട്ടങ്ങളിലായി പൂർണമായും ഡിജിറ്റൽ രീതിയിൽ നടത്തും.

ആദ്യഘട്ടമായി ഹൗസ് ലിസ്റ്റിംഗും ഹൗസിംഗ് സെൻസസും ജൂലൈ 1 മുതൽ 30 വരെ നടക്കും. ഇതിന് മുന്നോടിയായി ജൂൺ 16 മുതൽ 15 ദിവസത്തേക്ക് സെൽഫ് എന്യുമറേഷൻ ആരംഭിക്കും. രണ്ടാംഘട്ടമായ ജനസംഖ്യാ കണക്കെടുപ്പ് 2027 ഫെബ്രുവരിയിൽ നടക്കും.ഡിജിറ്റൽ സെൻസസിന്റെ ഭാഗമായി എന്യുമറേറ്റർ മൊബൈൽ ആപ്പിലൂടെ വിവരശേഖരണം നടത്തും. വീടുകളുടെ അവസ്ഥ, സൗകര്യങ്ങൾ, ആസ്തികൾ എന്നിവയുമായി ബന്ധപ്പെട്ട 33 ചോദ്യങ്ങളടങ്ങിയ വിവരശേഖരണമാണ് ആദ്യഘട്ടത്തിൽ നടക്കുക.പൊതുഭരണ വകുപ്പ് സെൻസസിന്റെ സംസ്ഥാനത്തെ നോഡൽ വകുപ്പായും വകുപ്പ് സെക്രട്ടറി സംസ്ഥാന നോഡൽ ഓഫീസറായും, ജില്ലാ കളക്ടർമാർ

അതാത് ജില്ലകളിലെ പ്രിൻസിപ്പൽ സെൻസസ് ഓഫീസർമാരായും പ്രവർത്തിക്കും.

❁❁❁❁❁❁❁❁❁❁❁

## സെൻസസ് 2027-ടോൾ ഫ്രീ ഹെൽപ്പ്ലൈൻ

2027 ലെ സെൻസസിനായി എല്ലാ സംസ്ഥാനങ്ങളിലും കേന്ദ്രഭരണ പ്രദേശങ്ങളിലും 1855 എന്ന ദേശീയ ടോൾ ഫ്രീ ഹെൽപ്പ്ലൈൻ നമ്പർ പ്രവർത്തനക്ഷമമായതായി രജിസ്ട്രാർ ജനറലിന്റെയും സെൻസസ് കമ്മീഷണറുടെയും ഓഫീസ് അറിയിച്ചു. വീടുകളുടെ പട്ടിക രേഖപ്പെടുത്തൽ , ഭവന സെൻസസ് എന്നിവയെക്കുറിച്ചുള്ള മാർഗ്ഗനിർദ്ദേശങ്ങൾ പ്രാദേശിക ഭാഷകളിലും ഇംഗ്ലീഷിലും ഹെൽപ്പ്ലൈൻ നമ്പറിലൂടെ ഉറപ്പാക്കും.

❁❁❁❁❁❁❁❁❁❁❁

## ഉഷ്ണ തരംഗം- മുഖ്യമന്ത്രി യോഗം (ഇൻട്രോ)

സംസ്ഥാനത്ത് കനത്ത ചൂട് തുടരുന്ന സാഹചര്യത്തിൽ ഉഷ്ണ തരംഗ സാഹചര്യം വിലയിരുത്തുന്നതിനായി മുഖ്യമന്ത്രി പിണറായി വിജയൻറെ അധ്യക്ഷതയിൽ ഓൺലൈനായി ഉന്നതതല യോഗം ചേർന്നു.

(വിശദാംശങ്ങളിലേക്ക്)

*(വോയിസ്)*

❁❁❁❁❁❁❁❁❁❁❁

## സൂര്യാഘാതമേറ്റു

സംസ്ഥാനത്തു വേനൽചൂട് കടുക്കുന്ന സാഹചര്യത്തിൽ വിവിധ ജില്ലകളിൽ നിരവധി പേർക്ക് സൂര്യാതപവും സൂര്യാഘാതവുമേറ്റു . പത്തനംതിട്ട ഇലന്തൂരിൽ 70 വയസുകാരിക്ക് സൂര്യാഘാതമേറ്റു.ഇടുക്കി ജില്ലയിൽരണ്ട് പേർക്കാണ് ഇന്ന് സൂര്യാതപമേറ്റത്. കോഴിക്കോട് കൊടിയത്തൂരിലും ഒരു യുവാവിന് സൂര്യാതപമേറ്റു.

❁❁❁❁❁❁❁❁❁❁❁

## <u>ബാലാവകാശ കമ്മിഷൻ</u>

സംസ്ഥാനത്തെ എല്ലാ സ്കൂളുകളിലും ഏപ്രിൽ മെയ് മാസങ്ങളിൽ നടത്തുന്ന പരിശീലന പരിപാടികൾ രാവിലെ 10.30 ന് അവസാനിപ്പിക്കണമെന്ന് ബാലാവകാശ കമ്മീഷൻ. എൻ സി സി, എസ്.പി.സി, സ്കൗട്ട്സ് ആന്റ് ഗൈഡ്സ് പരേഡ്, അസ്സംബ്ലി, വിനോദയാത്രകൾ തുടങ്ങിയവ പൂർണ്ണമായും ഒഴിവാക്കണമെന്നും കമ്മിഷൻ ഉത്തരവിട്ടു.

❁❁❁❁❁❁❁❁❁❁❁

## <u>പത്തനംതിട്ട (ഇൻട്രോ)</u>

വേനൽ കടുത്തതോടെ പത്തനംതിട്ട ജില്ലയിലെ മലയോര മേഖല മാത്രമല്ല നദീതീരങ്ങൾ ഉൾപ്പെടെയുള്ള നിരവധി പ്രദേശങ്ങളിൽ കുടിവെള്ളക്ഷാമം രൂക്ഷമായി. കിണറുകളുൾപ്പെടെയുള്ള കുടിവെള്ള സ്രോതസുകൾവറ്റിവരളുകയും പമ്പ, അച്ചൻകോവിൽ,മണിമല തുടങ്ങിയജില്ലയിലെ മൂന്ന് പ്രധാന നദികളിലെല്ലാം ജലനിരപ്പ് വളരെ താഴ്ന്ന അവസ്ഥയിലുമാണ്

കൂടുതൽ വിവരങ്ങളുമായി ആകാശവാണി പത്തനംതിട്ട ജില്ലാ പ്രതിനിധി ശ്രീജി എസ് ശ്രീധർ.....

*(വോയിസ്)*

❁❁❁❁❁❁❁❁❁❁❁

## <u>മൻ കീ ബാത്ത്</u>

പ്രധാനമന്ത്രി നരേന്ദ്രമോദി ആകാശവാണിയിലൂടെ ജനങ്ങളുമായി ആശയങ്ങൾ പങ്കുവയ്ക്കുന്ന പ്രതിമാസ റേഡിയോ പ്രഭാഷണ പരിപാടി മൻ കീ ബാത്ത് നാളെ രാവിലെ 11- മണിക്ക്. പരിപാടിയുടെ 133-ാം പതിപ്പാണിത്. ആകാശവാണിയിലും ദൂരദർശനിലും മൻ കീ ബാത്ത് തത്സമയം ലഭ്യമാകും.

❁❁❁❁❁❁❁❁❁❁❁

## ജാമ്യ അപേക്ഷ

കണ്ണൂർ അഞ്ചരക്കണ്ടി ഡെന്റൽ കോളേജ് ബി.ഡി.എസ്. വിദ്യാർഥി നിതിൻ രാജിന്റെ മരണവുമായി ബന്ധപ്പെട്ട് ദന്തൽ കോളേജ് പാതോളജി വിഭാഗം മുൻ തലവൻ ഡോ. എം.കെ.റാമിന്റെ മുൻകൂർ ജാമ്യ അപേക്ഷ കോടതി തള്ളി. അതേസമയം ഓറൽ പാതോളജി വിഭാഗം അസോസിയേ റ്റ് പ്രൊഫസർ ഡോ. സംഗീത നമ്പ്യാർക്ക് കോടതി ജാമ്യം അനുവദിച്ചു. തലശ്ശേരി അഡീഷണൽ ജില്ലാ കോടതിയാണ് ഇരുവരുടേയും മുൻകൂർ ജാമ്യാപേക്ഷ പരിഗണിച്ചത്

❁❁❁❁❁❁❁❁❁❁❁

## തൃശ്ശൂർ പൂരം (ഇൻട്രോ)

നെയ്തലക്കാവിലമ്മയുടെ തിടമ്പുമേന്തി ഗജവീരൻ എറണാകുളം ശിവകുമാർ തെക്കേ ഗോപുരനട തുറന്നുതുടെയാണ് പൂര വിളംബരം നടന്നത്.നാളെ യാണ് ചരിത്ര പ്രസിദ്ധമായ തൃശ്ശൂർ പൂരം .

വിശദാംശങ്ങളുമായി ആകാശവാണി തൃശ്ശൂർ ജില്ലാ പ്രതിനിധി ഭരിത പ്രതാപ്.......

*(വോയിസ്)*

❁❁❁❁❁❁❁❁❁❁❁

## വനിതാ ടി 20 ക്രിക്കറ്റ്

ഇന്ത്യ- ദക്ഷിണാഫ്രിക്ക വനിതാ ടി 20 ക്രിക്കറ്റ് പരമ്പരയിലെ നാലാം മത്സരം ഇന്ന് ജോഹന്നാസ്ബർഗിൽ നടക്കും. ഇന്ത്യൻ സമയം രാത്രി 9:30-നാണ് മത്സരം. ആദ്യ മൂന്ന് മത്സരങ്ങളും വിജയിച്ച ദക്ഷിണാഫ്രിക്ക ഇതിനോടകം പരമ്പര സ്വന്തമാക്കിയിട്ടുണ്ട്.

❁❁❁❁❁❁❁❁❁❁❁

## ഐപിഎൽ

ഐപിഎൽ ക്രിക്കറ്റിൽ ഇന്ന് രണ്ട് മത്സരങ്ങൾ. വൈകിട്ട് 3.30ന് ആരംഭിച്ച ആദ്യ മത്സരത്തിൽ ഡൽഹി ക്യാപിറ്റൽസിനെതിരെ

പഞ്ചാബ് കിംഗ്സിന് 265 റൺസിൻറെ വിജയലക്ഷ്യം. രാത്രി 7.30ന് രാജസ്ഥാൻ റോയൽസ് - സൺ റൈസേഴ്സ് ഹൈദരാബാദുമായി ഏറ്റുമുട്ടും.

❁❁❁❁❁❁❁❁❁❁❁

## ഗുരു മുനി നാരായണ പ്രസാദ് അന്തരിച്ചു

പ്രമുഖ ആത്മീയ നേതാവും നാരായണ ഗുരുകുലത്തിന്റെ തലവനുമായ ഗുരു മുനി നാരായണ പ്രസാദിന് വിട നൽകി കേരളം. ഗവർണർ ശ്രീ രാജേന്ദ്ര വിശ്വനാഥ് അർലേക്കർ ഉൾപ്പടെയുള്ള പ്രമുഖർ അനുശോചനമർപ്പിച്ചു. ഇന്ന് രാവിലെ തിരുവനന്തപുരത്തായിരുന്നു അന്ത്യം . 87 വയസ്സായിരുന്നു. മികച്ച എഴുത്തുകാരനും തത്ത്വചിന്തകനുമായ മുനി നാരായണ പ്രസാദിന് പത്മശ്രീ, കേരള സാഹിത്യ അക്കാദമി അവാർഡ് എന്നിവയുൾപ്പെടെ നിരവധി ബഹുമതികളും ലഭിച്ചിട്ടുണ്ട്.

❁❁❁❁❁❁❁❁❁❁❁

## കെ എസ് ഇ ബി - വൈദ്യുതി ഉപയോഗം

സംസ്ഥാനത്ത് പീക് മണിക്കൂറുകളിലെ വൈദ്യുതി ഉപയോഗം കൂടുന്ന സാഹചര്യത്തിൽ വൈകുന്നേരം 6 നും രാത്രി 11 നുമിടയിൽ വൈദ്യുതി ഉപയോഗം പരമാവധി കുറയ്ക്കണമെന്ന് നിർദ്ദേശിച്ച് കെ എസ് ഇ ബി. ആറു മണിക്കുശേഷം വൈദ്യുതി കൂടുതൽ ആവശ്യമുള്ള ഉപകരണങ്ങളുടെ ഉപയോഗവും, വൈദ്യുതി വാഹന ചാർജിങ്ങും കുറയ്ക്കേണ്ടതാണെന്ന് ബോർഡ് വാർത്താക്കുറിപ്പിൽ അറിയിച്ചു.

❁❁❁❁❁❁❁❁❁❁❁

## നല്ല വാർത്ത

ആകാശവാണി തിരുവനന്തപുരം പ്രാദേശിക വാർത്താ വിഭാഗം അവതരിപ്പിക്കുന്ന പ്രത്യേക പരിപാടിയായ "നല്ല വാർത്ത" എല്ലാ ശനിയാഴ്ചയും വൈകുന്നേരം 6.40 ന് പ്രക്ഷേപണം ചെയ്യുന്നു. വൈകുന്നേരത്തെ പ്രാദേശിക വാർത്തകൾക്ക് ശേഷം നല്ല വാർത്ത കേൾക്കാവുന്നതാണ്.